# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3246** — 13.03.2017 ലെ മറുപടിക്ക്

## വീട്ടുകൾക്കും കെട്ടിടങ്ങൾക്കും നമ്പർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകിയതിനുശേഷം, നമ്പർ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധിപേർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകി കെട്ടിടം നിർമ്മിച്ചശേഷം നമ്പർ ലഭിക്കാത്ത സാഹചര്യം സംജാതമായതെങ്ങനെയാണ്; | (ബി) താഴെപ്പറയുന്ന കാരണങ്ങളാലാണ് ഈ സാഹചര്യമുണ്ടായത്.<br>1. കെട്ടിടനിർമ്മാണ അനുമതി പത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ<br>2. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച പ്ലാനിൽ നിന്നും വ്യത്യസ്തമായി കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ<br>3. കെട്ടിടനിർമ്മാണ അനുമതിക്കായി സമർപ്പിച്ച രേഖകളിൽ ഏതെങ്കിലും വിധത്തിലുള്ള കൃത്രിമം നടത്തിയിട്ടുള്ളതായി പിന്നീട് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ |
| (സി) ഈ വിധത്തിൽ തങ്ങളുടേതല്ലാത്ത കാരണത്താൽ നമ്പർ നിഷേധിക്കപ്പെട്ടിട്ടുള്ള കെട്ടിട ഉടമകൾക്ക് കെട്ടിടനമ്പർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും ഇത്തരം ഓരോ കേസുകളും പ്രത്യേകമായി പരിശോധിച്ച് മാത്രമേ കെട്ടിട നമ്പർ നൽകുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ഇതിനായി പൊതുവായി ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) ഇതിനായി ഗവൺമെന്റ് എന്തെങ്കിലും ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ